**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1208** **18-01-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ മലയോര ഹൈവേ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ജോർജ് എം .തോമസ് | | **Shri G. Sudhakaran**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പമന്ത്രി)** | |
| (എ) | കോഴിക്കോട് ജില്ലയിലെ മലയോര ഹൈവേയുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) | 1. പുല്ലുവ – തൊട്ടിൽ പാലം (കി.മീ. 0/000 മുതൽ 28/000 വരെ). നിലവിലെ സ്ഥിതി : സാമ്പത്തി കാനുമതി ലഭിച്ചു. സാങ്കേതികാനു മതിയ്ക്കായുള്ള നടപടികൾ പുരോഗമിക്കുന്നു. 2. തൊട്ടിൽ പാലം - തലയാട് (കി.മീ. 28/000 മുതൽ 65/000 വരെ). പ്രസ്തുത റീച്ചിൽ 3.12 ഹെക്ടർ വനഭൂമി ഉണ്ട്. ഇത് ലഭ്യമാക്കുന്നതിന് വന മന്ത്രാലയത്തിന്റെ ഓൺലൈൻ പോർട്ടലിൽ അപേക്ഷിച്ചിട്ടുണ്ട്. 3. തലയാട് - മലപ്പുറം - കോടഞ്ചേരി (കി.മീ 65/000 മുതൽ 83/000). തലയാട് മലപ്പുറം (65/000 മുതൽ 75/940 വരെ) ഭാഗത്തിന് 48.75 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചു. 4. കോടഞ്ചേരി - കക്കാടംപൊയിൽ (83/900 – 119/250 വരെ) 18.06.2020 ന് പ്രവൃത്തി ആരംഭിച്ചു. പദ്ധതി ത്വരിതപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സ്ഥല ലഭ്യതയില്ലാത്തതിനാൽ മലപ്പുറം-കോടഞ്ചേരി റീച്ചിന് ഭരണാനുമതി ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മലയോര ഹൈവേ നിർമ്മാണത്തിനായി ആവശ്യമുള്ള റൈറ്റ് ഓഫ് വേ സൗജന്യമായി ലഭ്യമാക്കേണ്ടതുണ്ട്. |
| (സി) | എങ്കിൽ അലൈൻമെന്റ് മാറ്റത്തിന് സാധ്യതയുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | ഭൂമി ലഭ്യമാക്കാമെന്ന് ബഹു. MLA മാർ സമ്മതിച്ചിരുന്നു. ആ ഉറപ്പിലാണ് 12 മീറ്ററിൽ 1251. Km മലയോരപാത ആരംഭിച്ചത് സ്ഥലമില്ലാത്തതിനാൽ ചില റീച്ചുകൾ തുടങ്ങുവാൻ കഴിയുന്നില്ല. വനം വകുപ്പിന്റെ എതിർപ്പ് കാരണം 12 റീച്ചുകൾ തുടങ്ങാനേ കഴിയുന്നില്ല. പൊതുമരാമത്ത് മന്ത്രി തന്നെ നേരിട്ട് ശ്രമിച്ചിട്ടും കിട്ടിയില്ല. തീവ്ര വനമല്ലാത്ത ഇടങ്ങളിൽ കേരള Chief Forest Conservator ക്ക് നൽകാം. എന്നാൽ തന്നില്ല. മാത്രവുമല്ല DFO മാർ വഴി PWD ചെയ്തതിന് നിരവധി പ്രസ്താവനകൾ ഇറക്കി കേസ്സെടുത്തു. ഒരാളും സഹായിക്കാൻ വന്നില്ല. ക്യാബിനറ്റ് തീരുമാനിച്ചിട്ടും വനം ഉദ്യോഗസ്ഥർ സർക്കാരിന്റെ |

| | | | |
|---|---|---|---|
| | | | ഈ സ്വപന പദ്ധതിയെ തടസ്സപ്പെടുത്തുന്നു. PWD എല്ലാ സാങ്കേതിക കാര്യങ്ങളും ചെയ്തിട്ടും ഇല്ലാത്ത നുണ പറയുന്നത് നിറുത്തണം. പറഞ്ഞിട്ടും അവർ തന്നില്ലെന്ന് കാണുന്നു. ഇത് ലഭ്യമാക്കുവാൻ MLA മാർ അതാതു മണ്ഡലങ്ങളിൽ മുൻകൈ എടുക്കണം. |

സെക്ഷൻ ഓഫീസർ